# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യ നമ്പർ - 736 | | 05.02.2020 ലെ മറുപടിയ്ക്ക് | |
|---|---|---|---|
| അംബേദ്കർ ഗ്രാമ പദ്ധതിയിൽ ഉൾപ്പെട്ട കാരക്കത്ത് കൈപറമ്പ് കോളനി | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.മുഹമ്മദ് മുഹസിൻ പി. | | എ.കെ ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | പട്ടാമ്പി മണ്ഡലത്തിലെ അംബേദ്കർ കോളനിയായി തിരഞ്ഞെടുത്ത കാരക്കത്ത് കൈപറമ്പ് കോളനിയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | അംബേദ്കർ കോളനി ആയി തിരഞ്ഞെടുത്ത പ്രസ്തുത കോളനിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | കാരക്കത്ത് കൈപറമ്പ് കോളനിയിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>1. കോൺക്രീറ്റ് റോഡ് ഫുട്പാത്ത് എന്നിവയുടെ നിർമ്മാണം<br>2. സംരക്ഷണ ഭിത്തിയുടെ നിർമ്മാണം<br>3. കിണർ പുനരുദ്ധാരണം<br>4. സംരക്ഷണ ഭിത്തിയുടെ നിർമ്മാണം<br>5. അംഗൻവാടിയുടെ പുനരുദ്ധാരണം<br>6. കുടിവെള്ള പദ്ധതി<br>7. കമ്മ്യൂണിറ്റി ഹാൾ, സ്വയം തൊഴിൽ കേന്ദ്രം എന്നിവയ്ക്കായുള്ള കെട്ടിടത്തിന്റെ നിർമ്മാണം<br>8. സാനിട്ടറി സൗകര്യം |
| (സി) | ഈ പ്രവർത്തനവുമായി ബന്ധപ്പെട്ട് തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (സി) | കോട്ടയം ജില്ലയിൽ നിന്നും തെരെഞ്ഞടുത്ത പെരുമന പ്രകാട്ട് കോളനികൾ ഫീസിബിൾ അല്ലാത്തതിനാൽ പ്രസ്തുത കോളനികൾക്ക് അനുവദിച്ച തുക കാരക്കത്ത് കൈപറമ്പ് കോളനിയുടെ നിർമ്മാണത്തിനായി പാലക്കാട് ജില്ലാ നിർമ്മിതി കേന്ദ്രത്തിന് കൈമാറുന്നതിനായി കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പദ്ധതി ആരംഭിക്കുന്നതിനു കാലതാമസം നേരിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (ഡി) | ഉണ്ട്.<br>പ്രവർത്തനം ആരംഭിക്കുന്നതിന് ഏജൻസി കാലതാമസം വരുത്തിയിട്ടുണ്ട്. |
| (ഇ) | ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഉടൻ തന്നെ ആരംഭിക്കുവാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഇ) | കോളനിയിൽ നിർമ്മാണ പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കുന്നതിന് നിർവ്വഹണ ഏജൻസിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ